പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4762 — 29/06/2012-ൽ മറുപടിക്ക്

## കുടുംബശ്രീ നടപ്പാക്കുന്ന തൊഴിൽകൂട്ടം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ഡോ. എം. കെ. മുനീർ<br>(ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) കുടുംബശ്രീ നടപ്പാക്കുന്ന തൊഴിൽക്കൂട്ടം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ; | (എ) കേരളത്തിൽ തൊഴിലുറപ്പു പദ്ധതിയിൽ 90% വും സ്ത്രീകളാണ് പണിയെടുക്കുന്നത്. കർഷക തൊഴിലാളികളായ സ്ത്രീകളെക്കാൾ കൂടുതൽ മൺപണിക്കോ, മറ്റു കായിക ജോലികൾക്കോ പോയിട്ടില്ലാത്ത സ്ത്രീകളാണ് തൊഴിലുറപ്പു പദ്ധതിയിൽ അധികവും. കുടുംബശ്രീ അയൽക്കൂട്ട പ്രവർത്തനത്തിലൂടെ ഉണ്ടായ സംഘബോധമാണ് തൊഴിലുറപ്പു പദ്ധതിയിൽ ചേരാൻ ഇവർക്ക് പ്രേരണയായത്. തൊഴിലുറപ്പ് പദ്ധതിയിലെ അനുഭവങ്ങളുടെ വെളിച്ചത്തിൽ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളായ വനിതകൾക്ക് നിശ്ചിത വരുമാനം ലഭ്യമാക്കുക, അവർക്ക് തൊഴിൽ ചെയ്യുവാനുള്ള സന്നദ്ധത വർദ്ധിപ്പിക്കുക, ശാരീരിക വെല്ലുവിളികൾ നേരിടുന്നവരെയും പ്രായം ചെന്നവരെയും ഉൾക്കൊള്ളുന്ന ഉപജീവന വികസന പരിപാടി ആവിഷ്കരിക്കുക, നേതൃത്വശേഷി വികസിപ്പിക്കുക, സാമൂഹ്യമായ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള സന്നദ്ധതയുണ്ടാക്കുക, ലിംഗതുല്യതാബോധം വളർത്തുക, സമ്പാദ്യ ശീലം വളർത്തുക, ആരോഗ്യ അവബോധം വളർത്തുക, കായിക തൊഴിലിനോടുള്ള ആഭിമുഖ്യം വളർത്തുക, അവകാശബോധം സൃഷ്ടിക്കുക തുടങ്ങി വ്യക്തി തലത്തിലും കുടുംബ തലത്തിലും, സാമൂഹ്യതലത്തിലും നിരവധി മാറ്റങ്ങൾ വരുത്തുന്നതിലൂടെ തൊഴിലാളി ദൗർലഭ്യം കുറയ്ക്കാനും സാമൂഹ്യ അംഗീകാരവും അഭിമാനവും നൽകുന്ന ഒരു തൊഴിൽ എന്ന ലക്ഷ്യത്തിലാണ് തൊഴിൽ കൂട്ടങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്. തുടക്കത്തിൽ കാർഷിക – മൺപണികൾ സംഘമായി ഏറ്റെടുക്കുകയും കാലക്രമേണ ലഘു യന്ത്രങ്ങൾ നൽകിക്കൊണ്ട് തൊഴിൽ കാര്യക്ഷമതയും തൊഴിലിന്റെ സാമൂഹിക പദവിയും ഉയർത്താനും ലക്ഷ്യമിടുന്നു. |
| (ബി) ഒരു സി.ഡി.എസിൽ എത്ര തൊഴിൽ കൂട്ടങ്ങൾ വീതം രൂപീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ ; | (ബി) ഒരു സി.ഡി.എസ്സിൽ 10 പേർ മുതൽ പരമാവധി 25 പേർ വരെ അംഗസംഖ്യയുള്ള കുറഞ്ഞത് 5 തൊഴിൽക്കൂട്ടങ്ങൾ വരെ രൂപീകരിക്കാവുന്നതാണ്. കൂടുതൽ അംഗങ്ങൾ സന്നദ്ധരാകുന്നതിനനുസരിച്ച് എത്ര തൊഴിൽക്കൂട്ടങ്ങൾ വേണമെങ്കിലും രൂപീകരിക്കുവാൻ സാധിക്കും. തൊഴിൽ കൂട്ടം രൂപീകരിക്കുന്നതിനുള്ള നേതൃത്വപരമായ ചുമതല എ.ഡി.എസ്സുകൾക്കായിരിക്കും. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവ് എവിടെ നിന്നാണ് കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കാമോ ? | (സി) | കുടുംബശ്രീ മിഷനിൽ ലഭ്യമായിട്ടുള്ള പ്ലാൻ ഫണ്ടിൽ സംഘടനാ ശാക്തീകരണം ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ നിന്നുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുക കണ്ടെത്തുന്നത്. |

**സെക്ഷൻ ഓഫീസർ**